**പതിമൂന്നാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2934 | 28-01-2014-ൽ മറുപടി

നല്കേണ്ടതിരുന്നത്

## സി-ആപ്റ്റിന്റെ ജീവനക്കാർക്ക് ശമ്പള കുടിശ്ശിക

ചോദ്യം | ഉത്തരം

ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | |
|---|---|
| എ) സി-ആപ്റ്റിന്റെ ഹെഡ് ഓഫീസിലും വിവിധ സെന്ററുകളിലും ജോലി ചെയ്യു ജീവനക്കാർക്ക് ആർക്കെങ്കിലും ശമ്പള കുടിശ്ശിക ഇനത്തിൽ തുക നൽകുവാനുണ്ടോ എന്ന് വിശദമാക്കുമോ; | എ) നൽകുവാനുണ്ട്. |
| ബി) എങ്കിൽ ഏതെല്ലാം ജീവനക്കാർക്ക് ഏതെല്ലാം മാസങ്ങളിലായി എത്ര രൂപ ശമ്പള കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) ശമ്പള കുടിശ്ശിക നൽകുവാനുള്ള ജീവനക്കാരുടെ (സർവ്വീസിലുള്ളതും, പിരിച്ചുവിടപ്പെട്ടതും) 09/10/2013 ആസ്പദമാക്കിയുള്ള പട്ടിക അനുബന്ധം I/II ആയി ചേർത്തിരിക്കുന്നു. |
| സി) ഈ കാലയളവിൽ ശമ്പള കുടിശ്ശികയുള്ള ജീവനക്കാരിൽ ആർക്കെങ്കിലും ഭാഗികമായോ, മുഴുവനായോ കുടിശ്ശിക തുക നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | സി) നൽകിയിട്ടുണ്ട്, വിശദാംശം അനുബന്ധം III പ്രകാരം ഉള്ളടക്കം ചെയ്തിരിക്കുന്നു. |
| ഡി) "നോൺ റീഫണ്ടബിൾ സാലറി അഡ്വാൻസ്" എന്ന പേരിൽ ശമ്പള കുടിശ്ശികയിൽ നിന്നും ഓരോ വർഷവും ചിലർക്ക് മാത്രം തുക വിതരണം ചെയ്തിട്ടുണ്ടോ; | ഡി) 2008 മുതൽ മെയ് - ജൂൺ മാസങ്ങളിൽ സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് സെന്ററിലെ നിലവിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് നൽകുവാനുള്ള ശമ്പള കുടിശ്ശികയിൽ നിന്നും ഒരു മാസത്തെ അടിസ്ഥാന ശമ്പളം ഫണ്ടുള്ള കേന്ദ്രങ്ങളിലെ |

(മറുപുറം)

| | |
|---|---|
| | ജീവനക്കാർക്ക് "നോൺ റീഫണ്ടബിൾ സാലറി അഡ്വാൻസ്" എന്ന പേരിൽ നൽകാറുണ്ട്. എന്നാൽ കോഴിക്കോട്, ആലപ്പുഴ ഉപകേന്ദ്രങ്ങളിൽ മെയ് - ജൂൺ മാസങ്ങളിലല്ലാതെയും പ്രസ്തുത തുക നൽകിയിട്ടുണ്ട്. |
| ഇ) എങ്കിൽ ഇതുവരെ ഈയിനത്തിൽ ഓരോരുത്തർക്കും എത്ര തുക നൽകിയെന്ന വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ഇ) അനുബന്ധം III -ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| എഫ്) ശമ്പള കുടിശ്ശിക തീർത്ത് നൽകുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചതെന്നും, പുതിയ ശമ്പള പരിഷ്കരണം നടപ്പിലാക്കും മുമ്പ് ശമ്പള കുടിശ്ശിക തീർത്ത് നൽകുമോ എന്നും വ്യക്തമാക്കുമോ ? | എഫ്) സെന്ററിന്റെ തനത് (ജനറേറ്റഡ്) ഫണ്ടിൽ നിന്നാണ് ശമ്പളം നൽകിവരുന്നത്. എന്നാൽ കൃത്യമായി ശമ്പളം നൽകുവാൻ ആവശ്യമുള്ള തുക ലഭ്യമാകാതെ വന്ന അവസരത്തിലാണ് ശമ്പള കുടിശ്ശികയായിട്ടുള്ളത്. നിലവിൽ കുടിശ്ശിക ശമ്പളം മെയ്-ജൂൺ മാസങ്ങളിൽ സ്കൂൾ തുറക്കുന്ന സമയത്ത് നോൺ റീഫണ്ടബിൾ സാലറി അഡ്വാൻസ് ആയി നൽകിവരുന്നു. സെന്ററിന്റെ സാമ്പത്തിക നില മെച്ചമായി വരുകയാണെങ്കിൽ പുതിയ ശമ്പള പരിഷ്കരണം നൽകുന്നതിന് മുമ്പായി കുടിശ്ശിക ശമ്പളം നൽകുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

[illegible] ലഭ്യമാണ്